കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയ വിതരണം

124 (1412)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്ന പാവപ്പെട്ടവരിൽ ഭൂരിപക്ഷത്തിനും നാളിതുവരെ പട്ടയം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു സ്റ്റേയാണ് ഇതിന് കാരണം എന്നത് ശരിയാണോ;

(സി) ആണെങ്കിൽ നാളിതുവരെ ഈ സ്റ്റേ ഒഴിവാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ സ്റ്റേ ഒഴിവാക്കാൻ അടിയന്തിര നിയമ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് തന്നെ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹതയുള്ള എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കനാൽ പുറമ്പോക്കുകൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അതിനാൽ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ കഴിയാത്തതു കൊണ്ട് 1.1.1992-ന് മുമ്പ് മുതൽ കൈവശമുള്ള വീടുവെച്ച് താമസിക്കുന്നവർക്ക് കൈവശരേഖ നൽകാൻ ഗവണ്മെന്റ് തീരുമാനിച്ച് നൽകിവരുന്നുണ്ട്.

(ബി) ശരിയല്ല.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തിയതിനുശേഷമേ ഈ കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

കാർത്തികപ്പള്ളി താലൂക്കിൽ പട്ടയം നൽകുന്ന നടപടി

125 (1413)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലം ഉൾപ്പെടെയുള്ള കാർത്തികപ്പള്ളി താലൂക്കിൽ ഈ സർക്കാർ വന്നശേഷം എത്ര പേർക്കാണ് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇതിനായി അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണവും അനുവദിച്ചിട്ടുള്ളവരുടെ എണ്ണവും പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ നൽകുമോ;

(സി) പ്രസ്തുത താലൂക്കിലെ പട്ടയങ്ങൾ എന്ന് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly